**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1543** **16-10-2026-ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി നവീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. വർഗീസ് മാമ്മൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസമേഖലയിലെ സ്ഥാപനങ്ങളിലും സർവകലാശാലകളിലും നിലവിലുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുന്നത് പരിഗണനയുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ കരിക്കുലം പരിഷ്കരണങ്ങളും കോഴ്സ് പുനഃക്രമീകരണങ്ങളും നടപ്പിലാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

നാല് വർഷ ബിരുദ പാഠ്യപദ്ധതിയുടെ (FYUGP) താൽക്കാലിക പരിഷ്കരണത്തിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും, കമ്മിറ്റി സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2028 മുതൽ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്.

പോളിടെക്നിക് വിദ്യാഭ്യാസ മേഖലയിൽ പുതിയ കരിക്കുലം പരിഷ്കരിക്കുകയും 2026-ൽ സർക്കാർ ഔദ്യോഗിക അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല 2024-25 അക്കാദമിക് വർഷത്തിൽ ബി.ടെക്, ബി.എച്ച്.എം.സി.ടി, ബി.ഡെസ് പ്രോഗ്രാമുകളുടെ പാഠ്യപദ്ധതിയും സിലബസും ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, മൈനർ, ഇന്റേൺഷിപ്പ്, ചലഞ്ച് പരീക്ഷകൾ എന്നിവ ഉൾപ്പെടുത്തി പരിഷ്കരിക്കുകയും ബി.ആർക്ക് പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ സ്വീകരിച്ചു വരികയുമാണ്. കൂടാതെ എം.ജി. സർവകലാശാല, കുസാറ്റ് തുടങ്ങി മറ്റ് സർവകലാശാലകളിലും അതത് പഠനവകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും വിവിധ കോഴ്സുകളുടെ പാഠ്യപദ്ധതികൾ കാലാനുസൃതമായി പരിഷ്കരിച്ചുവരുന്നുണ്ട്.

**(ബി)** ഇതിനായി ഏതെങ്കിലും ഏജൻസിയെ നിയോഗിക്കാനുദ്ദേശിക്കുന്നുണ്ടോ;

**മറുപടി:** ഉന്നതവിദ്യാഭ്യാസ പാഠ്യപദ്ധതി പരിശോധിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള ചുമതല കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ്. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെയും സർവകലാശാലകളിലെയും പാഠ്യപദ്ധതി പരിഷ്കരണങ്ങൾ അതത് സർവകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി സമിതികളായ പഠന ബോർഡുകൾ (Board of Studies), അക്കാദമിക് കൗൺസിൽ, സിൻഡിക്കേറ്റ്/നിർവാഹക സമിതി എന്നിവയും വിവിധ വിദഗ്ധ സമിതികളും മുഖേനയാണ് ആസൂത്രണം ചെയ്ത് അംഗീകരിച്ച് നടപ്പിലാക്കുന്നത്.

**(സി)** ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള സർവകലാശാലകൾ നടത്തുന്ന വ്യത്യസ്തങ്ങളായ കോഴ്സുകൾക്ക് സംസ്ഥാനത്തെ സർവകലാശാലകളുടെ അംഗീകാരം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അറിയിക്കാമോ; ഇതിൽ മാറ്റം വരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ;

**മറുപടി:** ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള സർവകലാശാലകൾ നടത്തുന്ന കോഴ്സുകൾക്ക് അതത് സർവകലാശാലകൾ രൂപീകരിച്ചിട്ടുള്ള റെഗുലേഷനുകൾ, ചട്ടങ്ങൾ, യു.ജി.സി. (UGC) / AICTE / ബാർ കൗൺസിൽ ഓഫ് ഇന്ത്യ (BCI) മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് തുല്യതയും (Equivalency) അംഗീകാരവും (Recognition Eligibility) നൽകുന്നത്. വിദേശ സർവകലാശാലാ ബിരുദങ്ങൾക്ക് അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് (AIU) / യു.ജി.സി. തുല്യതാ സർട്ടിഫിക്കറ്റ്, സർവകലാശാലകളുടെ ഇന്റർനാഷണൽ റാങ്കിംഗ് എന്നിവ അടിസ്ഥാനമാക്കിയാണ് അംഗീകാരം നൽകിവരുന്നത്. സർവകലാശാലകളുടെ ഓൺലൈൻ പോർട്ടലുകൾ മുഖേന അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കാവുന്നതാണ്.

ഇതിൽ മാറ്റം വരുത്തുന്നതിനായി, റെക്കഗ്നിഷനും എലിജിബിലിറ്റിയും ലഘൂകരിക്കുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു വിശാലമായ പദ്ധതി രൂപീകരിച്ച് വരുന്നുണ്ട്. വിദ്യാർത്ഥികൾ ഓരോരുത്തരും വ്യക്തിഗതമായി സർവകലാശാലകളെയോ പി.എസ്.സി.യെയോ സമീപിക്കുന്നതിന് പകരം, സർവകലാശാലകളും പി.എസ്.സി.യും സംയോജിതമായി ഈ വിഷയത്തിലുള്ള സങ്കീർണ്ണതകൾ ലഘൂകരിക്കുന്നതിനുള്ള നടപടിക്രമങ്ങളാണ് ആവിഷ്കരിച്ചുവരുന്നത്.

**(ഡി)** പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിച്ച് സംസ്ഥാനത്തിന് പുറത്തുള്ള സർവകലാശാലകളുടെ വ്യത്യസ്തവും നവീനവുമായ കോഴ്സുകൾക്ക് അംഗീകാരം നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി:** നടപടിക്രമങ്ങൾ ലഘൂകരിച്ച് സംസ്ഥാനത്തിന് പുറത്തുള്ള സർവകലാശാലകളുടെ വ്യത്യസ്തവും നവീനവുമായ കോഴ്സുകൾക്ക് വേഗത്തിൽ അംഗീകാരം നൽകുന്നതിനായുള്ള നടപടികൾ സർക്കാരിന്റെയും സർവകലാശാലകളുടെയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും സജീവ പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ**